സീമാറ്റ് കേരളയിൽ ലൈബ്രറി കൺസോർഷ്യം

127 (1183) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മാറ്റ് കേരളയിൽ ലൈബ്രറി കൺസോർഷ്യം സ്ഥാപിക്കുന്നതിന് സർക്കാർ അനുവദിച്ച തുക ചെലവഴിക്കുകയോ, ലൈബ്രറി സ്ഥാപിക്കുകയോ ചെയ്യാതെ ലൈബ്രേറിയനെ നിയമിച്ച് IDLING WAGES നൽകുന്നതായി അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതിനാൽ, ഇല്ലാത്ത ലൈബ്രറിക്കുവേണ്ടി നിയമിക്കപ്പെട്ട ലൈബ്രേറിയന്റെ സേവനം അവസാനിപ്പിക്കുന്നതിനും ഇതുവരെ നൽകിയ ശമ്പളം തിരിച്ചുപിടിക്കുന്നതിനും ഈ ക്രമക്കേടു നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും സർക്കാർ തയ്യാറാകുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന വ്യക്തമാക്കുമോ ?

ഉത്തരം

(എ) സീമാറ്റ്-കേരളയിൽ ലൈബ്രറി നിലവിലുണ്ട്. നിലവിലുള്ള ലൈബ്രറിയെ വിഷൻ 2020 പ്രോജക്ടിൽ പറയും പ്രകാരമുള്ള ഇ-ലൈബ്രറി കം വിർച്വൽ ലൈബ്രറി ഉൾപ്പെടെയുള്ള ലൈബ്രറി കൺസോർഷ്യം ആയി മാറ്റിക്കൊണ്ടിരിക്കുന്നു. സീമാറ്റ്-കേരളയിൽ ലൈബ്രറേറിയനെ റഗുലറായി നിയമിച്ചിട്ടില്ല.

(ബി) ബാധകമല്ല.

മലബാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

128 (1184) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ജില്ലകളിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു ; അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ മൊത്തം എത്ര വിദ്യാർത്ഥികളെ 2014-15-ൽ പ്രവേശിപ്പിച്ചിട്ടുണ്ട് ; അതിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നുയെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15 വർഷത്തിൽ കോഴ്സ് പൂർത്തിയാക്കി വിജയം കൈവരിച്ചവർ എത്ര; വ്യത്യസ്ത വിഷയങ്ങളിൽ കോഴ്സുകളുടെ അടിസ്ഥാനത്തിൽ മൊത്തം കണക്കുകൾ വിശദമാക്കാമോ ; ഇതിൽ ക്യാമ്പസ് സെലക്ഷൻ ലഭിച്ചവർ എത്ര പേരാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly